മാതൃഭൂമി Seed പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ




മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും അധ്യാപകരുടെയും പ്രകൃതിസൗഹൃദ നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം


MATHRUBHUMI SEED DIGITAL NATURE MAGAZINE
Leaf - 36 August 2024

# ആകാശപ്പച്ച

# CONTENTS

എഡിറ്റോറിയൽ
Page 4

കാട്ടിലെക്കാര്യം
Page 5

കേരളം അറിയാൻ
Page 6

ചിറകുള്ള ചങ്ങാതിമാർ
Page 7

ഈ ഫോട്ടോ കാണാം
Page 8

കൃഷിക്കാര്യം
Page 9

സിനിമാപാട്ടിലെ പ്രകൃതി
Page 10

ഇത് അതിശയം തന്നെ
Page 11

തെറ്റ് ശരി
Page 12

ലോകം എങ്ങനെ
Page 13

പൂവറിവ്
Page 14

വർണച്ചിറക്
Page 15-16

Cover photo: Freepik

# ഓണമാവണം



കേരളീയരുടെ ദേശീയോത്സവമാണ് ഓണം. കാർഷികവൃത്തികൾ അവസാനിപ്പിച്ച് സമൃദ്ധമായി വിഭവങ്ങൾ ശേഖരിച്ച് സൂക്ഷിച്ചശേഷമുള്ള ആഘോഷമായിരുന്നു പണ്ടുകാലത്ത് ഓണം. ആഘോഷത്തിന് ചേർന്ന കാലാവസ്ഥയും അക്കാലത്തുണ്ടായിരുന്നു. കാലം പുരോഗമിച്ചപ്പോൾ കൃഷിയുടെ രീതിയും കാലവുമൊക്കെ മാറി. ആഘോഷത്തിന്റെ രീതികളും മാറി. എങ്കിലും ഓണംപോലെയുള്ള ആഘോഷങ്ങളിൽ പ്രഥമസ്ഥാനത്ത് നിർത്തേണ്ടത് നമുക്ക് അന്നം തരുന്ന പ്രകൃതിയെത്തന്നെയാണ്. അത് മറക്കാതിരുന്നാൽ എല്ലാക്കാലവും ഓണക്കാലംപോലെ സമൃദ്ധമാവും. എല്ലാവർക്കും ഓണാശംസകൾ.



എഡിറ്റോറിയൽ



# കളിച്ചുവളരട്ടെ

കളികളിൽ ഏർപ്പെടുകയെന്നത് നിസ്സാരകാര്യമല്ല. ഓരോ കുട്ടിയുടെയും കഴിവുകളെ വളരെയധികം വർധിപ്പിക്കുന്നുണ്ട് കളികൾ. കൂട്ടുകൂടാനും പങ്കുവയ്ക്കാനും പരസ്പരം സഹായിക്കാനും എന്നുവേണ്ട ജീവിതത്തിൽ ആവശ്യമായ നിരവധി കാര്യങ്ങൾ കളികളിലൂടെ കുട്ടികൾ മനസ്സിലാക്കും. ജയിക്കാൻ പഠിക്കുന്നതും തോൽവികളെ നേരിടാൻ പഠിക്കുന്നതും കളികളിലൂടെയാണ്. ഓടിച്ചാടിയുള്ള കളികൾ ശാരീരികാരോഗ്യവും മാനസികാരോഗ്യവും ഒരുപോലെ വർധിപ്പിക്കും. ഒരുദിവസം 45 മിനിറ്റെങ്കിലും കുട്ടികൾ കൂട്ടംചേർന്ന് ഓടിച്ചാടി കളിക്കുന്നത് അവരെ ശാരീരികമായും മാനസികമായും സാമൂഹികമായും ശക്തരാകാൻ ഏറെ സഹായിക്കും. എല്ലാ കുട്ടികൾക്കും അതിനുള്ള അവസരം ഒരുക്കിനൽകാനുള്ള ചുമതല വിദ്യാലയങ്ങൾ ഏറ്റെടുക്കണം.

സെപ്റ്റംബർ 18
ലോക മുളദിനം

# മുളയാണ് കാര്യം



**വേ**ൾഡ് വൈഡ് ഫണ്ട് ഫോർ നേച്ചർ അഥവാ WWF-ന്റെ ചിഹ്നം ഭീമൻപാണ്ടയാണ്. മുളയാണ് പാണ്ടയുടെ പ്രധാന ആഹാരം. കരടിയുടെ ബന്ധുവാണ് പാണ്ട. മാംസഭുക്കിന്റെ ദഹനവ്യവസ്ഥയുള്ള ഇവ മുളയെ പ്രധാന ഭക്ഷണമായി ആശ്രയിക്കുന്നത് കൗതുകകരമാണ്. പാണ്ടകൾക്ക് ആവശ്യമായ എല്ലാ പോഷകങ്ങളും മുള നൽകുന്നു. മുളയിൽ പോഷകസാന്ദ്രത കുറവായതിനാലാണ് പാണ്ടകൾ വലിയ അളവിൽ മുള അകത്താക്കുന്നത്. മുളയിലെ സെല്ലുലോസിനെ വിഘടിപ്പിക്കുന്നതിൽ പാണ്ടകളുടെ ദഹനവ്യവസ്ഥയിലുള്ള മൈക്രോബയോട്ട നിർണായക പങ്കുവഹിക്കുന്നുണ്ട്. അതുകൊണ്ടാണ് പരമാവധി പോഷകങ്ങൾ വേർതിരിച്ചെടുക്കാൻ സാധിക്കുന്നത്. പാണ്ടകൾമാത്രമല്ല മനുഷ്യരടക്കമുള്ള നിരവധി ജീവികൾ മുളയുടെ വിവിധ ഭാഗങ്ങൾ ഭക്ഷണമാക്കുന്നുണ്ട്. മണ്ണൊലിപ്പ് തടയുന്നതിനും അന്തരീക്ഷത്തിൽ ഈർപ്പം നിലനിർത്തുന്നതിനുമൊക്കെ മുള സഹായിക്കുന്നുണ്ട്.



അദിതി നമ്പ്യാർ
സെന്റ് തെരേസാസ്
എ.ഐ.എച്ച്.എസ്.എസ്.
കണ്ണൂർ

# മുങ്ങിത്താഴുന്ന നെല്ലറ

കേരളം അറിയാൻ



ആലപ്പുഴ ജില്ലയിൽ വേമ്പനാട്ടുകായലിന്റെ ഓരത്താണ് 'കേരളത്തിന്റെ നെല്ലറ' എന്നറിയപ്പെടുന്ന കുട്ടനാട്. ഇവിടെ വിളയുന്ന നെല്ലിന്റെ സമൃദ്ധിയാണ് ഇങ്ങനെയൊരു പേരിന്റെ അടിസ്ഥാനം. കേരളത്തിലെ കാലാവസ്ഥാമാറ്റം കുട്ടനാടിനെയും ബാധിച്ചുകഴിഞ്ഞു. തുടർച്ചയായുണ്ടാകുന്ന വെള്ളപ്പൊക്കവും വെള്ളക്കെട്ടുകളും കൃഷിയെയും വ്യവസായത്തെയും നന്നായി ബാധിക്കുന്നുണ്ട്. മഴവെള്ളം കായലുകൾക്കും നദികൾക്കും ഉൾക്കൊള്ളാനാവാതെ കൃഷിയിടങ്ങളിലേക്ക് ഒഴുകിയെത്തുന്നതാണ് കൃഷിനാശത്തിന് ഇടയാക്കുന്നത്. നദികളിലും മറ്റും വേണ്ടവിധം ആഴമില്ലാത്തതിനാൽ നല്ലരീതിയിൽ ഒഴുകാൻകഴിയാത്ത ജലമാണ് കരയിലേക്ക് കുത്തിയൊലിച്ച് പാരിസ്ഥിതികപ്രശ്നങ്ങൾ ആവർത്തിച്ചുണ്ടാക്കുന്നത്. ജലത്തെ സുരക്ഷിതമായി സ്വീകരിക്കാനും സുഗമമായും സാവധാനത്തിലും ഒഴുകാനും അനുവദിക്കുന്ന സാഹചര്യമൊരുക്കുകമാത്രമാണ് ജലംമൂലമുള്ള പ്രകൃതിനാശത്തിനുള്ള ശാശ്വതപരിഹാരം.

സിനാൻ
ഞാവാക്കാട് എൽ.പി.എസ്.
കായംകുളം, ആലപ്പുഴ

ചിറകുള്ള ചങ്ങാതിമാർ



# ഓലേഞ്ഞാലി

കാക്കയുടെ വർഗത്തിൽപ്പെട്ട ഒരു പക്ഷിയാണ് ഓലേഞ്ഞാലി. ഈ പക്ഷി പലയിടങ്ങളിലും ഓലമുറിയൻ, പുകബ്ലായി, പൂക്കുറുഞ്ഞിപ്പക്ഷി, കുട്യൂർളിപ്പക്ഷി എന്നിങ്ങനെ പല പേരുകളിൽ അറിയപ്പെടുന്നു. തലയും കഴുത്തും മാറിടവും കറുപ്പുനിറം. ശേഷമുള്ള ദേഹം ഭൂരിഭാഗവും മങ്ങിയ തവിട്ടുനിറം. ചിറകിനരികിൽ ഒരു കറുത്ത പട്ടയും അതിന് മുകളിലായി ഒരു വെള്ള പട്ടയും കാണാം. നീണ്ട വാലിന്റെ തുമ്പും അടിഭാഗവും കറുപ്പ്, മുകൾഭാഗം വെള്ള. വെള്ളം കണ്ടാൽ അതിലിറങ്ങി തലയും ചിറകും ഉപയോഗിച്ച് പിടഞ്ഞുകുളിക്കുന്ന ശീലം ഇവയ്ക്കുണ്ട്. മറ്റ് പക്ഷികളെ തുരത്തുന്നതിന് പ്രത്യേക കഴിവുണ്ട് ഇവയ്ക്ക്. ഉയരമുള്ള മരത്തിൽ ഏതാണ്ട് പതിനഞ്ചടിയോളം ഉയരത്തിലാണ് ഓലേഞ്ഞാലി കൂട് വയ്ക്കുന്നത്. അതുകൊണ്ടുതന്നെ കണ്ടെത്താൻ വളരെ പ്രയാസവുമാണ്.

ഷാരു ഷിന്റോ
സെന്റ് ജെറോംസ് എച്ച്.എസ്.
വെള്ളയാംകുടി, ഇടുക്കി

ഈ ഫോട്ടോ കാണാം

# കീയം... കീയം...



സാംഖ്യ ബാബു
ഭാരതീയ വിദ്യാഭവൻ
നടക്കാവ് കാലടി, മലപ്പുറം

കൃഷിക്കാര്യം



# സ്യൂഡോമോണസ് എന്ന ചങ്ങാതി

ഒരു മിത്രബാക്ടീരിയയാണ് സ്യൂഡോമോണസ് ജൈവക്കൃഷിരീതിയെ ഏറെ സഹായിക്കുന്ന ഒരു സൂക്ഷ്മാണുവാണിത്. ചെടിയുടെ വേരുപടലത്തിന് ചുറ്റുമുള്ള മണ്ണിലും ചെടിയിലും പ്രവർത്തിച്ച് രോഗാണുക്കളെ നശിപ്പിക്കാൻ സ്യൂഡോമോണസിന് സാധിക്കും. ചെടികളിലെ ചീയൽരോഗം, ചീരയിലെ ഇലപ്പുള്ളിരോഗം ഇവ നിയന്ത്രിക്കാൻ സ്യൂഡോമോണസ് വളരെ ഫലപ്രദമാണ്. വിത്തുകൾ നടുമ്പോഴും തൈകൾ പറിച്ചുനടുമ്പോഴും എന്നുവേണ്ട ചെടിയുടെ വളർച്ചയുടെ ഏത് ഘട്ടത്തിലും സ്യൂഡോമോണസ് പ്രയോജനപ്പെടുത്താം. സ്യൂഡോമോണസ് ദ്രവ, ഖര രൂപങ്ങളിൽ ലഭ്യമാണ്. സ്യൂഡോമോണസ് ഉപയോഗിക്കുമ്പോൾ രാസവളങ്ങളും കീടനാശിനികളും ഒഴിവാക്കണം.



സിമിത കെ.എസ്.
പി.പി.എസ്.എച്ച്.എസ്.എസ്.
പറപ്പൂക്കര, തൃശ്ശൂർ

# നാടുണരും പാട്ട്

*"തുമ്പയും തുളസിയും കുടമുല്ലപ്പൂവും*
*തൊഴുകൈയാൽ വിരിയണ മലനാട്*
*വേലയും പൂരവും കൊടിയേറും കാവിൽ*
*വെളിച്ചപ്പാടുറയണ വള്ളുവനാട്"*

മേഘം എന്ന സിനിമയ്ക്കുവേണ്ടി ഗിരീഷ് പുത്തഞ്ചേരി രചിച്ച വരികളാണിത്. പരിശുദ്ധിയുടെ പ്രതീകങ്ങളായ തുമ്പയും തുളസിയും കുടമുല്ലപ്പൂവും കേരളത്തിന്റെ സൗന്ദര്യത്തിന് മാറ്റുകൂട്ടുന്നതിന്റെ സന്തോഷം ഈ വരികളിൽ തെളിയുന്നു. കേരളസംസ്കാരത്തിന്റെ പ്രതീകങ്ങളാണ് വേലയും പൂരവും. പുതിയകാലത്ത് മലയാളത്തിന്, മലയാളിക്ക് ഇവയെല്ലാം അപൂർവമായ കാഴ്ചകളായിമാറിയിരിക്കുന്നു. തുമ്പച്ചെടിപോലും അറിയാത്തവർ പുതുതലമുറയിലുണ്ടെങ്കിൽ നമ്മൾ കൂടുതൽ കരുതലോടെ പ്രകൃതിയിലേക്ക് നോക്കേണ്ടിയിരിക്കുന്നു. കേരളത്തിന്റെ ഇത്തരം കാഴ്ചകളെല്ലാം തിരിച്ചുകൊണ്ടുവരുകയെന്നത് നമ്മുടെ കടമയാണ്.

അമൃത അരുൺ, പ്ലസ് വൺ
എച്ച്.ഡി.പി.വൈ. സ്കൂൾ
അണ്ടിപ്പിള്ളിക്കാവ്, എറണാകുളം




ഇത് അതിശയം തന്നെ

# ധ്രുവദീപ്തി

മനുഷ്യനെ വിസ്മയിപ്പിക്കുന്ന ഒട്ടേറെ കാര്യങ്ങൾ പ്രകൃതിയിലുണ്ട്. ചിലതൊക്കെ പ്രകൃതിയുടെ മനോഹാരിത വർധിപ്പിക്കുകയും ചെയ്യുന്നു. അത്തരത്തിലൊന്നാണ് ഔറോറ ലൈറ്റ് അഥവാ ധ്രുവദീപ്തി. സൂര്യനിലെ ചില മൂലകങ്ങൾ കാരണമാണ് ഭൂമിയിൽ ഇവ കാണുന്നത്. പച്ച, പിങ്ക്, നീല എന്നീ നിറങ്ങളിൽ ധ്രുവദീപ്തി കാണാം. ധ്രുവങ്ങളിലാണ് ഇത് കാണുക. ജർമനി, പോളണ്ട്, സ്വിറ്റ്സർലൻഡ് എന്നീ രാജ്യങ്ങളിൽ ഇത് ഇടയ്ക്കിടെ കാണാം. 15 മുതൽ 30 വരെ മിനിറ്റാണ് ധ്രുവദീപ്തി സാധാരണമായി കാണാറ്. ശക്തമായ കാന്തികക്കാറ്റുകാരണം 2024 മേയ് 11- ന് ഇന്ത്യയിലെ ലഡാക്കിൽ ധ്രുവദീപ്തി കാണാൻ കഴിഞ്ഞു.

അർച്ചന സുരേഷ്
കാർമൽ സ്കൂൾ, ഷൊർണൂർ
പാലക്കാട്



# ജിറാഫുകളുടെ ഉറക്ക രഹസ്യം

കാട്ടിലെ ജീവികളുടെ ഉറക്കത്തിന് ഒരു വ്യവസ്ഥയൊന്നുമില്ല. പലരും പലവിധത്തിലാണ് ഉറങ്ങുക. നീണ്ട കഴുത്തുള്ള ജിറാഫുകൾ കണ്ണുകൾ തുറന്ന് ഉറങ്ങുകയോ കുറച്ച് മിനിറ്റുകൾമാത്രം ഉറങ്ങുകയോ ചെയ്യുന്നവരാണ്. നിലത്ത് കിടക്കാനും എഴുന്നേൽക്കാനും വലിയ പ്രയാസമുള്ള ജീവിയാണ് ജിറാഫ്. അവ കിടന്നുറങ്ങിയാൽ ശത്രുക്കൾക്ക് വേഗം അവയെ വേട്ടയാടാൻ കഴിയും. അതുകൊണ്ട് അത്ര സുരക്ഷിതമായ ഇടങ്ങളിൽ വളരെ അപൂർവമായിമാത്രമേ ജിറാഫുകൾ കിടക്കാറുള്ളൂ. ഇനി നിന്നുറങ്ങിയാലും ഈ ഉയരക്കാരൻ, വേട്ടക്കാരുടെ കണ്ണിൽപ്പെടും. അതുകൊണ്ട് പലപ്പോഴും ഇവ ഒരു കണ്ണ് തുറന്നുവെച്ച് ഉറങ്ങാറുണ്ട്. തുടർച്ചയായി ഉറങ്ങാറുമില്ല. കൊച്ചുകൊച്ച് ഇടവേളകളിലാണ് ഇവയുടെ ഉറക്കം. ഉറങ്ങിപ്പോയാൽ ജീവൻപോകുന്ന അവസ്ഥ വരരുതല്ലോ, അതുകൊണ്ടാണ് ഈ മുൻകരുതൽ.

സാലിഹ ഫാത്തിമ
എ.ബി.എം. ജി.യു.പി.എസ്.
കുമരകം, കോട്ടയം

# എവിടെ നാട്ടുസമൃദ്ധി?

**ലോ**കത്തെല്ലായിടത്തുമുണ്ട് പൂക്കളുമായി ബന്ധപ്പെട്ട ഉത്സവങ്ങൾ, നമ്മുടെ ഓണംപോലെ. ഓണക്കാലത്ത് ചെത്തി, ചെമ്പരത്തി, ശംഖുപുഷ്പം, വാടാർമല്ലി, തുമ്പ തുടങ്ങി നിരവധി നാട്ടുപൂക്കളാണ് താരങ്ങൾ. പണ്ട് നമ്മുടെ പരിസരപ്രദേശങ്ങളിലെല്ലാം നിറയെ നാട്ടുപൂക്കൾ കാണാമായിരുന്നു. ഇപ്പോൾ എങ്ങും നാട്ടുപൂക്കളുടെ സമൃദ്ധിയില്ല. മനുഷ്യർ പുല്ലും കളയുമൊക്കെ ഉണക്കിക്കളയുന്നതിനായി പലതരം കീടനാശിനികൾ ലോകവ്യാപകമായി ഉപയോഗിക്കുന്നുണ്ട്. ഇങ്ങനെ ചെയ്യുമ്പോൾ നമുക്ക് ചുറ്റുമുള്ള ചെടികളും ചെറുസസ്യങ്ങളും എല്ലാം ഇല്ലാതാവുന്നു. ഭൂമിയിൽ ചൂട് കൂടുകയും കാലം തെറ്റി മഴ പെയ്യുകയുമൊക്കെ ചെയ്യുന്ന കാലാവസ്ഥാമാറ്റങ്ങളും വന്നു. അതായത് വനനശീകരണവും കെട്ടിടനിർമാണവും നഗരവത്കരണവും ലോകത്തെല്ലായിടത്തും നാട്ടുസസ്യങ്ങളെ ഇല്ലാതാക്കുന്നു. ഇനി ഇതിനൊരു മാറ്റമുണ്ടാകുമോ? അതാണ് നമ്മൾ ഗൗരവത്തോടെ ആലോചിക്കേണ്ടത്.



അനന്യ ഉദയൻ എ.
എൻ.എസ്.എസ്. എച്ച്.എസ്.എസ്.
പ്രാക്കുളം, കൊല്ലം



# ചെണ്ടുമല്ലി

പൂവറിവ്

ഇലകൾക്ക് രൂക്ഷഗന്ധമുള്ള ഒരു പൂച്ചെടിയാണ് ചെണ്ടുമല്ലി. ഓറഞ്ച്, മഞ്ഞ എന്നീ നിറങ്ങളിൽ മനോഹരമായ പൂക്കളുണ്ടാകും. ഏകദേശം മൂന്നടിവരെ ഉയരത്തിൽ വളരുന്ന ഒരു കുറ്റിച്ചെടിയാണിത്. മലയാളത്തിൽ ചെട്ടിമല്ലി, ജെണ്ടുമല്ലി, ബന്തി, കൊണ്ടപ്പൂവ്, ചെണ്ടുമല്ലി എന്നിങ്ങനെ വിവിധ പേരുകളിൽ ഈ സസ്യം അറിയപ്പെടുന്നു. ഇംഗ്ലീഷിൽ മാരിഗോൾഡ് എന്നാണ് പേര്. സംസ്കൃതത്തിൽ സ്ഥലപുഷ്പം, ഗണ്ഡുപുഷ്പം എന്നീ പേരുകളിൽ അറിയപ്പെടുന്നു. പൂവിൽനിന്നെടുക്കുന്ന സത്ത് ഒരു അണുനാശിനിയാണ്. വിരശല്യം, ദഹനക്കേട്, മൂത്രവർധന, ആർത്തവസംബന്ധമായ പ്രശ്നങ്ങൾ, മലബന്ധം മുതലായവയ്ക്ക് ഔഷധമായും ചെണ്ടുമല്ലി ഉപയോഗിക്കാറുണ്ട്.





വൈഗ വിനോദ് ,എട്ടാം ക്ലാസ്
ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ
കടമ്മനിട്ട, പത്തനംതിട്ട

വർണച്ചിറക്

കവിത

# പച്ചയുടെ സംഗീതം

പച്ചപ്പിന്റെ പുതപ്പ്, മലകളിൽ വിരിഞ്ഞു
മഴയുടെ തുള്ളികൾ, ഇലകളിൽ മുഴങ്ങി
കാറ്റ് വീശുമ്പോൾ, ഇലകൾ പാടുന്നു
മഴക്കാട്, ഒരു സ്വർഗം, മനം കവരുന്നു.


മരങ്ങൾ ഉയരത്തിൽ, ആകാശത്തോടടുത്ത്
വള്ളികൾ പടർന്നു, പുൽത്തകിടികളിൽ നിറഞ്ഞു
പക്ഷികളുടെ കലപില, ഒരു സംഗീതം
മഴക്കാട്, ഒരു ലോകം, അദ്ഭുതം നിറയുന്നു.

നദികൾക്ക് ഇരിപ്പിടമില്ല, പാറകളിൽ തട്ടി
ജീവന്റെ ഉറവിലേക്ക് അവ ഒഴുകുന്നു
മഴക്കാട്, ഒരു നിധി, നമുക്കൊരു വരദാനം
സംരക്ഷിക്കാം നമുക്ക്, ഈ പച്ചപ്പിന്റെ ലോകം.

ആൻസിൽ യു.പി.
ജി.എച്ച്.എസ്.എസ്. പള്ളിക്കര
കാസർകോട്

# സായാഹ്നം

അമ്പലക്കുളത്തിന്റെ പടവിലിരുന്ന് ഓരോ ചിന്തകൾ നെയ്തു കൂട്ടി. പേന കൈയിൽ പിടിച്ചിട്ടുണ്ട്. സുഖവും സാന്ത്വനവുമുള്ള അന്തരീക്ഷം. അമ്പലക്കുളത്തിലെ ജലം എന്നിൽ വേദന നിറച്ചു. മുഴുവനായല്ലെങ്കിലും, വെള്ളം വറ്റിപ്പോയിരിക്കുന്നു. കുളത്തെ തഴുകിയെത്തുന്ന കാറ്റിൽ ദുർഗന്ധത്തിന്റെ ഓർമകളുണ്ട്. പിറകിൽ ആരോ വന്നുവെന്ന് തോന്നി. അത് തോന്നൽമാത്രമാണ്, പണ്ടുതൊട്ടേ ഉള്ളതുമാണ്. എഴുന്നേറ്റ് വീട്ടിലേക്ക് നടന്നു. വീടിന്റെ അടുത്തെത്താറായപ്പോൾ രാമേട്ടനെ കണ്ടു. മൂപ്പര് ധൃതിയിലാണ്. സ്കൂളിനടുത്ത് വലിയ മാൾ വരുന്നു. കേട്ടതും കേൾക്കാത്തതുമായ കാര്യങ്ങൾ ചർച്ചചെയ്യാൻ ഒരു മീറ്റിങ് ഏർപ്പാടാക്കിയിട്ടുണ്ട്. അതാണ് ധൃതി.



വീടിന്റെ പടികയറിയപ്പോൾ ഒന്ന് പിന്നോട്ട് ഒഴിഞ്ഞു. സ്കൂളിൽ പഠിക്കുമ്പോൾ മാസത്തിലൊരിക്കൽ എന്തെങ്കിലും പ്രവർത്തനങ്ങൾക്കായി ഭരതൻസാർ വരും. അന്നൊക്കെ വൈകുന്നേരങ്ങളിൽ സഞ്ചിയിൽ മാങ്കോസ്റ്റിന്റെയോ മാവിന്റെയോ തൈകളുണ്ടാകും. എന്നും കുഴികുത്താൻ തയ്യാറായിരുന്നു ആ കാലം. കട്ടൻചായയുടെ ചൂടണിഞ്ഞ വൈകുന്നേരം. രാത്രിമഴയ്ക്ക് മുന്നോടിയായി ഒരു സായാഹ്നമഴയുടെ ചിന്തകൾ മനസ്സിലേക്ക് ഇഴഞ്ഞുവന്നു. പേനയുടെ അറ്റം ആ കടലാസുതുണ്ടിലൂടെ നീങ്ങിത്തുടങ്ങി...

ആദി കൈലാസ്
ചക്കാലക്കൽ എച്ച്.എസ്.എസ്.
കോഴിക്കോട്

## മാതൃഭൂമി ആകാശപ്പച്ച

ആകാശപ്പച്ചയിലേക്കുള്ള രചനകളും നിർദേശങ്ങളും akashapacha@mpp.co.in എന്ന വിലാസത്തിലേക്ക് അയക്കാം

വിശദവിവരങ്ങൾക്ക് സീഡ് ജില്ലാ കോ-ഓഡിനേറ്റർമാരോട് സംസാരിക്കാം.

**പഴമയെക്കുറിച്ച് മോശം തോന്നുമ്പോഴാണ് നമ്മൾ പുരോഗമിക്കുന്നത് എന്ന് കരുതരുത്!**

Published by Mathrubhumi Seed